©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി

**(2021-2023)**

## മൂന്നാമത് റിപ്പോർട്ട്

(2023 ഫെബ്രുവരി 27-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**('ഔദ്യോഗികഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതിയും അതിന് വിഘാതമാകുന്ന ഘടകങ്ങളും പ്രതിവിധികളും' എന്ന വിഷയം ആസ്പദമാക്കി ഭാഷാപണ്ഡിതർ, വിദ്യാഭ്യാസ വിചക്ഷണന്മാർ, മലയാളഭാഷയിലെ വിഖ്യാത എഴുത്തുകാർ, ചരിത്രകാരന്മാർ, സാംസ്കാരിക പ്രവർത്തകർ എന്നിവരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

പതിനഞ്ചാം കേരള നിയമസഭ

# ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി

# (2021-2023)

## മൂന്നാമത് റിപ്പോർട്ട്

**('ഔദ്യോഗികഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതിയും അതിന് വിഘാതമാകുന്ന ഘടകങ്ങളും പ്രതിവിധികളും' എന്ന വിഷയം ആസ്പദമാക്കി ഭാഷാപണ്ഡിതർ, വിദ്യാഭ്യാസ വിചക്ഷണന്മാർ, മലയാളഭാഷയിലെ വിഖ്യാത എഴുത്തുകാർ, ചരിത്രകാരന്മാർ, സാംസ്കാരിക പ്രവർത്തകർ എന്നിവരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് )**

312/2023.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 13 |
| അനുബന്ധം II | .. | 15 |

# ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. മാത്യു ടി. തോമസ്

<u>അംഗങ്ങൾ</u> :

ശ്രീ. പി. വി. അൻവർ

ശ്രീ. വി. ജോയി

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. നജീബ് കാന്തപുരം

ശ്രീ. എ. പ്രഭാകരൻ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. സനീഷ് കുമാർ ജോസഫ്

ശ്രീ. ടി. സിദ്ദിഖ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. കെ. സുരേഷ് കുമാർ, അഡീഷണൽ സെക്രട്ടറി

ശ്രീമതി ദീപ എൻ. ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിജയ് അമൃതരാജ് എ., അണ്ടർ സെക്രട്ടറി.

# ആമുഖം

ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-2023)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

'ഔദ്യോഗികഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതിയും അതിന് വിഘാതമാകുന്ന ഘടകങ്ങളും പ്രതിവിധികളും' എന്ന വിഷയം ആസ്പദമാക്കി ഭാഷാ പണ്ഡിതർ, വിദ്യാഭ്യാസ വിചക്ഷണന്മാർ, മലയാളഭാഷയിലെ വിഖ്യാത എഴുത്തുകാർ, ചരിത്രകാരന്മാർ, സാംസ്കാരിക പ്രവർത്തകർ എന്നിവരുമായി സമിതി നടത്തിയ ചർച്ചായോഗങ്ങളിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കൂടാതെ, സമിതിയുടെ തുടർപഠനങ്ങളിലും നിരീക്ഷണങ്ങളിലും ഉരുത്തിരിഞ്ഞ ആശയങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2023 ഫെബ്രുവരി 7-ാം തീയതി ചേർന്ന സമിതി യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു. (മലയാളഭാഷയിൽ പ്രയോഗത്തിലിരിക്കുന്ന ആംഗലേയപദങ്ങൾക്ക് തത്തുല്യമായ മലയാളപദങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല).

മാത്യു ടി. തോമസ്
*അദ്ധ്യക്ഷൻ,*
*ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2023 ഫെബ്രുവരി, 27.

# റിപ്പോർട്ട്

കേരളീയ സംസ്കാരവും സ്വത്വവും നിലനിർത്താനുള്ള വഴികൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനുമായി ക്രിയാത്മകമായ പ്രവർത്തനങ്ങളാണ് സമിതി നടത്തിവരുന്നത്. മലയാളഭാഷയെ പരിപോഷിപ്പിക്കുന്നതിനായി നിലകൊള്ളുന്ന എല്ലാ സംരംഭങ്ങളേയും പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സമിതി സ്വീകരിച്ചിട്ടുള്ളത്. മലയാളഭാഷാ പ്രയോഗം ഔദ്യോഗികമേഖലയിലും വിദ്യാഭ്യാസരംഗത്തും പൂർണ്ണതോതിൽ നടപ്പാക്കുന്നതിൽ പലവിധ വൈഷമ്യങ്ങൾ നേരിടുന്നതായി ഇക്കാലയളവിൽ സമിതിയ്ക്ക് ബോധ്യമായിട്ടുണ്ട്. മലയാളഭാഷാപഠനത്തിനും ഔദ്യോഗികഭാഷാമാറ്റ പുരോഗതിയ്ക്കും വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ എന്തെല്ലാമെന്നതു സംബന്ധിച്ചും മലയാളഭാഷയുടെ പൂർണ്ണതോതിലുള്ള പ്രയോഗം ഭരണരംഗത്തും കോടതിവ്യവഹാരങ്ങളിലും എപ്രകാരം സാധ്യമാകുമെന്നത് സംബന്ധിച്ചും സാഹിത്യകാരന്മാർ, അദ്ധ്യാപകർ, സാംസ്കാരികപ്രവർത്തകർ, ചരിത്രകാരന്മാർ എന്നിവരിൽനിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടുന്നത് ഉചിതമായിരിക്കുമെന്ന് സമിതി വിലയിരുത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ അവരുമായി 23-10-2019, 14-1-2020 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി ചർച്ച നടത്തുകയും അവരുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്തു.

(2) 'ഔദ്യോഗികഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതിയും അതിന് വിഘാതമാകുന്ന ഘടകങ്ങളും പ്രതിവിധികളും' എന്ന വിഷയം ആസ്പദമാക്കി ഭാഷാപണ്ഡിതർ, വിദ്യാഭ്യാസ വിചക്ഷണന്മാർ, മലയാളഭാഷയിലെ വിഖ്യാത എഴുത്തുകാർ, ചരിത്രകാരന്മാർ, സാംസ്കാരികപ്രവർത്തകർ എന്നിവരെ സമിതി യോഗത്തിൽ പങ്കെടുപ്പിച്ച് അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായുകയുണ്ടായി. അതിനായി അവർക്ക് വിശദമായ ഒരു ചോദ്യാവലി തയ്യാറാക്കി മുൻകൂട്ടി അയച്ചുകൊടുക്കുകയും, തുടർന്ന് 2019 ഒക്ടോബർ മാസം 23-ാം തീയതി തിരുവനന്തപുരത്തും 2020 ജനുവരി മാസം 14-ാം തീയതി തൃശ്ശൂരും സമിതി ചർച്ചായോഗങ്ങൾ സംഘടിപ്പിക്കുകയും പ്രസ്തുത യോഗങ്ങളിൽ ഉയർന്നു വന്ന വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമിതിയുടെ തുടർന്നുള്ള യോഗങ്ങളിൽ ചർച്ച ചെയ്യുകയും വിലയിരുത്തുകയും ചെയ്തു. പ്രസ്തുത ചർച്ചകളിലും സമിതിയുടെ പഠനങ്ങളിലും നിരീക്ഷണങ്ങളിലും ഉരുത്തിരിഞ്ഞ ആശയങ്ങളും നിർദേശങ്ങളും ക്രോഡീകരിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

(3) മലയാളം പൂർണ്ണമായും ഔദ്യോഗികഭാഷയാക്കാൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. അതിന്റെ സൂചനയാണ് ഔദ്യോഗികഭാഷ മലയാളമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും അവ നടപ്പിലാക്കുന്നതിനാവശ്യമായ പ്രായോഗിക പദ്ധതികളും നാം ഇപ്പോഴും ആരാഞ്ഞു കൊണ്ടിരിക്കുന്നത്. മാതൃഭാഷ ഒരു ജനതയുടെ സംസ്കാരമാണ്. ഒരു ജനതയിൽ ആത്മാഭിമാനവും സ്വാതന്ത്ര്യേച്ഛയും ദേശീയതാബോധവും ഉണർത്തുന്ന ഒന്നാണത്.

കേരള സംസ്ഥാന രൂപവൽക്കരണത്തിന്റെ പ്രാഥമികോദ്ദേശ്യം ജനങ്ങളുടെ ഭാഷയിൽ ഭരണം നടത്തുന്ന ഒരു ഗവൺമെന്റ് ഇവിടെ നിലവിൽ വരണമെന്നതായിരുന്നു. എന്നാൽ ഭരണഭാഷ മലയാളമാക്കുന്നതിനുവേണ്ടിയുള്ള അന്വേഷണങ്ങളും പഠനങ്ങളും റിപ്പോർട്ടു സമർപ്പിക്കലും ഒക്കെ നടക്കുന്നുണ്ടെങ്കിലും ഭരണരംഗത്ത് ഇംഗ്ലീഷ് ഭാഷയാണ് കൂടുതലായി ഉപയോഗിച്ചു വരുന്നത്. അമ്പത്തൊന്നക്ഷരം പോലും തെറ്റുകൂടാതെ എഴുതാനോ ഉച്ചരിക്കാനോ അറിവില്ലാത്ത മലയാളികളുടെ എണ്ണം കൂടിവരുന്നതിൽ സമിതി ആശങ്ക രേഖപ്പെടുത്തുന്നു.

(4) വിദ്യാഭ്യാസം വിദ്യാർഥികൾക്കുവേണ്ടിയാണെങ്കിൽ ഭരണം ജനങ്ങൾക്കു വേണ്ടിയാണ്. അതിനാൽ ഇവ രണ്ടും അവർക്കു മനസ്സിലാകുന്ന ഭാഷയിൽ കൈകാര്യം ചെയ്യേണ്ടതുണ്ട്. ശാസ്ത്രം, നിയമം തുടങ്ങിയ വിഷയങ്ങളിലെ ഇതരഭാഷാപദങ്ങൾക്ക് തദനുസരണമായ പദങ്ങളൊന്നും മലയാളത്തിലില്ല എന്ന കാരണം പറഞ്ഞുകൊണ്ട് മലയാളത്തെ ഒഴിവാക്കുന്ന നിലപാടാണ് തുടർന്നുവരുന്നത്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപവൽക്കരിച്ചപ്പോൾത്തന്നെ മാതൃഭാഷ ഔദ്യോഗികഭാഷയാക്കാനുള്ള അവകാശവും അതതു സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുകയുണ്ടായി. മറ്റ് ഭാഷകളിൽനിന്ന് പദങ്ങൾ കടംകൊള്ളുന്നത് ഏതു ഭാഷയ്ക്കും ഗുണകരവും അതിന്റെ വളർച്ചയ്ക്ക് ഒരു കാരണവുമാണ്. പല ഇംഗ്ലീഷ് പദങ്ങളുടെയും തത്തുല്യമായ മലയാളപദം കണ്ടെത്തുകയെന്നത് അങ്ങേയറ്റം ശ്രമകരവുമാണ്. അപ്രകാരം കണ്ടെത്തുന്ന പദങ്ങൾ പലപ്പോഴും കൃത്രിമത്വം ഉളവാക്കുന്നതുമാണ്. ഔദ്യോഗികഭാഷ മലയാളമാക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സാങ്കേതികപദങ്ങൾ മുഴുവൻ മലയാളീകരിക്കുക എന്നല്ല; ആശയങ്ങൾ മലയാളത്തിലൂടെ വിനിമയം ചെയ്യുക എന്നതാണ്. പകരം മലയാളപദങ്ങൾ ഇല്ലാത്ത സന്ദർഭങ്ങളിൽ സാങ്കേതികപദങ്ങൾ അതേപടി മലയാളലിപിയിലെഴുതാവുന്നതാണ്. മലയാളം അനായാസം കൈകാര്യം ചെയ്യാൻ കഴിയുന്ന ഒരു ഭാഷ ആയതുകൊണ്ടും സാങ്കേതികവിദ്യയ്ക്ക് വഴങ്ങുന്നതുകൊണ്ടും മൊബൈൽ ഫോണിലും കംപ്യൂട്ടറിലുമൊക്കെ ഇന്ന് വളരെയധികം ഉപയോഗിക്കപ്പെടുന്നു എന്നത് ഒരു യാഥാർഥ്യമാണ്.

(5) ഭരണഭാഷ മാതൃഭാഷതന്നെ ആയിരിക്കുകയെന്നത് ഓരോ വ്യക്തിയുടെയും ജന്മാവകാശമാണ്. സംസ്ഥാനത്ത് അതിനു വിഘാതമായി നിൽക്കുന്നത്, ഭരണഭാഷയിലും കോടതിഭാഷയിലും ഇപ്പോഴുമുള്ള കൊളോണിയൽ ശീലങ്ങളുടെ അതിപ്രസരമാണെന്നുകാണാം. ഇംഗ്ലീഷ്ഭാഷയിൽ പ്രാവീണ്യം നേടിയെടുക്കാൻ ബോധനമാധ്യമം ഇംഗ്ലീഷ് ആക്കുകയല്ല, പകരം ഇംഗ്ലീഷ്ഭാഷ ശാസ്ത്രീയമായി പഠിപ്പിക്കുകയാണ് വേണ്ടത്. മലയാളം ഭരണഭാഷയാകുമ്പോൾ മലയാളപ്രയോഗങ്ങളുടെ സത്ത ഉൾക്കൊണ്ട് ഒരു മാധ്യമമായി മാറേണ്ടത് അനിവാര്യമാണ്. മലയാളം ഭരണഭാഷയാക്കുന്നതിലേയ്ക്ക് എഴുത്തുകാർ മുന്നോട്ടുവയ്ക്കുന്ന വ്യവഹാരശൈലികൾ സ്വീകരിക്കുകയും ഔദ്യോഗികതലത്തിൽ പ്രയോഗിക്കാനാകുംവിധത്തിൽ ക്രമപ്പെടുത്തുകയും വേണം. മാതൃഭാഷയെ ശക്തീകരിക്കുന്നതിൽ മലയാളസാഹിത്യകൃതികൾ വലിയ പങ്ക് വഹിക്കുന്നതിനാൽ അത് കൂടുതലായി പാഠ്യപദ്ധതികളിൽ ഉൾപ്പെടുത്തുകയും പ്രചരിപ്പിക്കുകയും വേണം.

(6) മലയാളം പദസമ്പത്തും സ്വരസമ്പത്തുമുള്ള ഒരു ഭാഷ മാത്രമല്ല, അതിന് ഏതു ശാസ്ത്രവും സാഹിത്യവും ഉൾക്കൊള്ളുവാനുള്ള ശക്തിയുമുണ്ട്. ഭാഷ അറിയാത്തത് ഒരു കുറ്റമല്ലെങ്കിലും അറിയാൻ ശ്രമിക്കാത്തത് കുറ്റകരമാണ്. ഭാഷയെന്നത് ആശയവിനിമയോപാധിയാണ്. വിദ്യാഭ്യാസമില്ലെങ്കിലും ചിലർ ഭംഗിയായി ഭാഷ കൈകാര്യം ചെയ്യുന്നുണ്ട്. അതിന്റെയർത്ഥം ആവശ്യമാണ് എന്തിന്റെയും പിന്നിലുള്ള പ്രേരണ എന്നതാണ്. മലയാളം ഒരു സംസാരഭാഷ മാത്രമല്ല ഒരു സംവാദഭാഷ കൂടിയാണ്. കേരളത്തിലെ സാധാരണ ജനങ്ങൾക്ക് ജനാധിപത്യാവകാശവും മനുഷ്യാവകാശവും ഉറപ്പുവരുത്തുന്നതിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഭാഗമായാണ് ഭരണഭാഷ മലയാളമാക്കുന്നത്. അത് മാതൃഭാഷയിലൂടെ മാത്രം സാധിക്കുന്ന ഒരു കാര്യമാണ്. അതിനാൽ സാധാരണ പൗരന്റെ മനുഷ്യാവകാശവും ജനാധിപത്യാവകാശവും സംരക്ഷിക്കപ്പെടുന്നതിന് ഭരണനിർവ്വഹണം മാതൃഭാഷയിലായേ മതിയാവൂ. സംസ്ഥാനത്തെ ഭരണനിർവ്വഹണത്തിന്റെയും മനുഷ്യാവകാശ സംരക്ഷണത്തിന്റെയും ജനാധിപത്യബോധത്തിന്റെയുമെല്ലാം പ്രധാന മാധ്യമം മാതൃഭാഷയായിരിക്കുന്നത് തന്നെയാണ് ഏറ്റവും ഉചിതം.

(7) കേരള സംസ്ഥാന രൂപവൽക്കരണം മുതൽ രണ്ടു ഭാഷകളാണ് വ്യവഹാരങ്ങൾക്കായി അനുവദിച്ചിരുന്നത്; മലയാളവും ഇംഗ്ലീഷും. ഇതിൽ ഇംഗ്ലീഷ്ഭാഷ ശക്തമാകുകയും മലയാളം ഏതാണ്ട് ശുഷ്കമായി പരിണമിക്കുകയും താരതമ്യേന ഉപയോഗിക്കപ്പെടാതെ പോകുന്നതായി ബോധ്യപ്പെടുകയും ചെയ്ത സാഹചര്യത്തിലാണ് 2015-ൽ മലയാളഭാഷാ (വ്യാപനവും പരിപോഷണവും) ബിൽ നിയമസഭ പാസ്സാക്കിയത്. എന്നാൽ പല വകുപ്പുകളും മലയാളം ഭരണഭാഷയായി സ്വീകരിക്കുന്നതിൽ വിമുഖത പ്രകടിപ്പിക്കുകയുണ്ടായി. ഭാഷാപുരോഗതി കൈവരിക്കുന്നതിനായി സ്വാഭാവികമായും ശക്തമായ നിയമനടപടികളുമായി മുന്നോട്ടു പോകുകയെന്നതാണ് പോംവഴി. ഒരു കാരണവശാലും മലയാളത്തിലേയ്ക്ക് മാറാൻ കഴിയില്ലെന്ന കോടതികളുടെ നിലപാടിലും മാറ്റം വന്നിട്ടുണ്ട്. കീഴ്ക്കോടതികളിൽ പൂർണ്ണമായിട്ടല്ലെങ്കിലും വ്യവഹാരഭാഷയായി മലയാളം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നത് വലിയൊരു മാറ്റമായി കണക്കാക്കാവുന്നതാണ്.

(8) ഇത്രയധികം എഴുത്തുവഴികളും സാഹിത്യകാരന്മാരും മഹത്തായ പാരമ്പര്യവുമുള്ള ശ്രേഷ്ഠഭാഷയായ മലയാളഭാഷയെ ഔദ്യോഗികഭാഷയാക്കുന്നതിന് തടസ്സങ്ങളൊന്നുംതന്നെയില്ല. ഔദ്യോഗികഭാഷ മാതൃഭാഷയാണെന്നു പറയുന്നുണ്ടെങ്കിലും അതിന് നിയമപരമായ പരിരക്ഷ ലഭിക്കുന്നതിന് മലയാളഭാഷാ നിയമം നിലവിൽ വരേണ്ടതാണ്. അതിനുവേണ്ടിയാണ് 1969-ൽ കേരള ഔദ്യോഗികഭാഷകൾ ആക്റ്റ് പാസ്സാക്കിയത്. തുടർന്ന് ഇതിനുപകരമായി 2015-ൽ നിയമസഭ പാസ്സാക്കിയ മലയാളഭാഷ (വ്യാപനവും പരിപോഷണവും) ബില്ലിന് രാഷ്ട്രപതി അംഗീകാരം നൽകിയതായി അറിയിപ്പ് ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ബില്ലിന് ഇനിയും നിയമപ്രാബല്യം കൈവന്നിട്ടില്ല. രാഷ്ട്രപതിയുടെ പരിഗണനയിലുള്ള

ഒരു ബില്ലിന്റെ വിഷയത്തിൽ ഇടപെടുന്നതിൽ നിയമസഭാസമിതിയ്ക്ക് പരിമിതിയുള്ളതിനാൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ, അതിന്റെ നിലവിലുള്ള സ്ഥിതി എന്നിവ പരിശോധിച്ച് കേന്ദ്രഗവൺമെന്റിലേക്ക് അയച്ച ബിൽ അടിയന്തരമായി നിയമമാക്കുന്നതിന് വേണ്ട നടപടികൾ നിയമവകുപ്പും ഭരണവകുപ്പും കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(9) 150 വർഷം മുൻപ് മുൻസിഫ് കോടതി വരെയുള്ള എല്ലാ വ്യവഹാരങ്ങളും മലയാളത്തിലാണ് കൈകാര്യം ചെയ്തിരുന്നതെന്നും എല്ലാ സംഹിതകളും, എക്സൈസ് മാന്വൽ, വില്ലേജ് മാന്വൽ എല്ലാം മലയാളത്തിലായിരുന്നുവെന്നും സമിതിയുമായുള്ള ചർച്ചയിൽ പങ്കെടുത്ത പ്രമുഖർ ചൂണ്ടിക്കാട്ടുകയുണ്ടായി. കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ ജില്ലാക്കോടതി വരെയുള്ള വ്യവഹാരഭാഷ അവരുടെ മാതൃഭാഷയാണ്. ശ്രീ. കോമാട്ടിൽ അച്യുതമേനോൻ അദ്ധ്യക്ഷനായും ഡോ.ഭാസ്കരൻ നായർ, ശ്രീ.കെ.ദാമോദരൻ, ശ്രീ. പി. ടി. ഭാസ്കരപണിക്കർ എന്നിവർ അംഗങ്ങളുമായിരുന്ന ഔദ്യോഗിക ഭാഷാകമ്മീഷന്റെ ആദ്യ റിപ്പോർട്ടിൽ കോടതിഭാഷ എങ്ങനെയായിരിക്കണമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ, ഇന്ന് കോടതി വ്യവഹാരങ്ങളിൽ മലയാളത്തിന് അർഹമായ സ്ഥാനം ലഭിക്കുന്നില്ല എന്ന് സമിതി വിലയിരുത്തി. വാദിയും പ്രതിയും പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കുന്നതും അവരുടെ മൊഴിയെടുക്കുന്നതും കോടതിമുറിയിൽ വിസ്തരിക്കപ്പെടുന്നതും മലയാളത്തിലാണ്. എന്നിട്ടും മലയാളം അറിയാവുന്ന വക്കീലും ജഡ്ജിയും തമ്മിൽ ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തുന്നതിലെ യുക്തി പുനഃപരിശോധിക്കേണ്ടതാണ്. അവർക്ക് മലയാളം അറിയില്ലെങ്കിൽ വാദിയും പ്രതിയും സാക്ഷിയുമൊക്കെ പറയുന്നത് എങ്ങനെയാണ് അവർ മനസ്സിലാക്കുന്നത്; കോടതി ഉത്തരവുകൾ ഇംഗ്ലീഷിലായത് കാരണം കോടതി വിധി എന്താണെന്ന് പൂർണ്ണമായും ശരിയായ വിധത്തിലും മനസ്സിലാക്കാനുള്ള കക്ഷികളുടെ അവകാശവും അവസരവുമാണ് നിഷേധിക്കപ്പെടുന്നത്. കോടതി വ്യവഹാരങ്ങൾ ജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽത്തന്നെ ആയിരിക്കേണ്ടതിനാൽ എല്ലാ കീഴ്ക്കോടതികളിലുമുള്ള വാദങ്ങൾ, വിസ്താരം, ഉത്തരവുകൾ, വിധിന്യായം, നടപടിക്രമങ്ങൾ തുടങ്ങിയവ മലയാളത്തിലാക്കുക, അതിനാവശ്യമായ നിയമപദാവലി തയ്യാറാക്കുക തുടങ്ങിയ കാര്യങ്ങളുടെ സാധ്യതകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(10) കേരള സംസ്ഥാനത്തെ ഭരണസ്ഥാപനങ്ങളിലെ ഉദ്യോഗങ്ങൾക്ക് തിരഞ്ഞെടുപ്പ് നടത്തുന്ന സ്ഥാപനമാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ. സിവിൽ സർവ്വീസ് പരീക്ഷകൾ ഉൾപ്പെടെ യു.പി.എസ്.സി. നടത്തുന്ന പരീക്ഷകൾ മലയാളത്തിൽ എഴുതാൻ സാധിക്കും. എന്നാൽ പി.എസ്.സി. ഉയർന്ന തസ്തികകളിലെ നിയമനങ്ങൾക്കായി നടത്തുന്ന പല പരീക്ഷകളും ഇപ്പോഴും ഇംഗ്ലീഷ്ഭാഷയിൽത്തന്നെ തുടരുകയാണ്. ഉന്നത തസ്തികകളിലെ നിയമനങ്ങൾക്കുൾപ്പെടെ പി.എസ്.സി. നടത്തുന്ന പരീക്ഷകൾ മലയാളത്തിൽക്കൂടി എഴുതാൻ കഴിയുന്ന തരത്തിൽ പി.എസ്.സി.-യുടെ പരീക്ഷാസമ്പ്രദായം പരിഷ്കരിക്കുന്നത്

ഉദ്യോഗാർഥികൾക്ക് വളരെ ആശ്വാസകരമാകും. സമീപകാലത്ത് പി.എസ്.സി. മലയാളത്തിൽ തയ്യാറാക്കി നൽകിയ പല ചോദ്യങ്ങളും വികലമായ ഭാഷാപ്രയോഗം കൊണ്ട് ഉദ്യോഗാർത്ഥികളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുകയും ആക്ഷേപത്തിനിടവരുത്തുകയും ചെയ്ത സംഭവം സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. അതിനാൽ, മലയാളത്തിലും ഇംഗ്ലീഷിലും ചോദ്യങ്ങൾ തയ്യാറാക്കുവാൻ പ്രാവീണ്യമുള്ളവരുടെ ഒരു പാനൽ രൂപവൽക്കരിച്ച്, പി.എസ്.സി. പരീക്ഷകൾ ഇംഗ്ലീഷിലും മലയാളത്തിലും എഴുതാൻ ഉദ്യോഗാർത്ഥികൾക്ക് സാധിക്കുന്ന തരത്തിലേക്ക് പി.എസ്.സി.-യുടെ പരീക്ഷാ സമ്പ്രദായം പരിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ബിരുദാനന്തരബിരുദം അടിസ്ഥാന യോഗ്യതയായിട്ടുള്ള തസ്തികകളിലേക്കുള്ള പരീക്ഷകൾ വിഷയാധിഷ്ഠിതമായിരുന്നാലും ഉദ്യോഗാർത്ഥികളുടെ മലയാള ഭാഷയിലെ അഭിരുചി പരിശോധിക്കുന്നതിനായി മലയാളഭാഷയെ സംബന്ധിക്കുന്ന നിശ്ചിത ശതമാനം മാർക്കിന്റെ ചോദ്യങ്ങൾ ബന്ധപ്പെട്ട പി.എസ്.സി. പരീക്ഷകളിൽ ഉൾപ്പെടുത്തുന്നത് അഭികാമ്യമായിരിക്കുമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(11) സംസ്ഥാനത്ത് സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല/സ്വയംഭരണ/സഹകരണ സ്ഥാപനങ്ങൾ തുടങ്ങി സർക്കാരിന്റെയും സർക്കാരിന്റെ നിയന്ത്രണത്തിലുമുള്ളതുമായ എല്ലാ വകുപ്പുകൾ/സ്ഥാപനങ്ങളിലെയും ഉന്നത സാങ്കേതികതസ്തികകൾ ഉൾപ്പെടെയുള്ള എല്ലാ തസ്തികകളിലും നിയമിക്കപ്പെടുന്ന ജീവനക്കാരുടെ മലയാളഭാഷാപരിജ്ഞാനം ഉറപ്പുവരുത്തുന്നതിന് അവരുടെ പ്രൊബേഷൻ കാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് വകുപ്പുതല പരീക്ഷകൾക്ക് സമാനമായി കേരള പി.എസ്.സി.-യോ സർക്കാർ നിശ്ചയിക്കുന്ന മറ്റേതെങ്കിലും ഏജൻസിയോ നടത്തുന്ന മലയാളഭാഷയിലുള്ള ഒരു പൊതുപരീക്ഷ പാസ്സായിരിക്കണമെന്ന നിബന്ധന ഏർപ്പെടുത്തിക്കൊണ്ടുള്ള 14-8-2022-ലെ ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പിന്റെ ജി.ഒ.(പി) നം. 10/2022/ പി.&എ.ആർ.ഡി. ഉത്തരവു പ്രകാരമുള്ള പ്രസ്തുത നിബന്ധന കർശനമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(12) കൂടാതെ, പി.എസ്.സി. പരീക്ഷകൾക്ക് പുറമേയുള്ള കേരള എഞ്ചിനീയറിംഗ്/ മെഡിക്കൽ പ്രവേശനപരീക്ഷകൾ, സെറ്റ് (SET), കെ.ടെറ്റ് (K-TET), തുടങ്ങിയ പൊതുപ്രവേശനപരീക്ഷകളുടെ ചോദ്യപേപ്പറുകളിൽ ചോദ്യങ്ങളുടെ മലയാളപരിഭാഷകൂടി ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(13) നമ്മുടെ പ്രാഥമിക വിദ്യാഭ്യാസതലവും ദ്വിതീയ വിദ്യാഭ്യാസതലവും മലയാള ഭാഷയെ പൂർണ്ണമായി അവഗണിക്കുന്ന രീതിയിലാണ് കൈകാര്യം ചെയ്തു വരുന്നത്. പരിസ്ഥിതിസംരക്ഷണം, ലിംഗസമത്വം, നിയമവ്യവസ്ഥകൾ, സാംസ്കാരികമൂല്യങ്ങൾ, ട്രാഫിക് ചട്ടങ്ങൾ തുടങ്ങിയ അടിസ്ഥാന പൗരബോധം വളർത്തിയെടുക്കുന്നതിനുള്ള സന്മാർഗ്ഗശീലങ്ങൾ ഉൾക്കൊള്ളുന്ന സാമൂഹികശാസ്ത്രം, സന്മാർഗ്ഗപാഠാവലി, ശാസ്ത്രം എന്നീ വിഷയങ്ങൾ ഒരു വിദ്യാർത്ഥിക്ക് തന്റെ മാതൃഭാഷയിൽ മനസ്സിലാക്കുന്നതിനുള്ള അവസരമുണ്ടായാൽ അവന് അത് പെറ്റമ്മ പറഞ്ഞുകൊടുക്കുന്ന രീതിയിൽ ഉൾക്കൊള്ളാനും

സമൂഹത്തിൽ അതിന്റെ സചിന്തനം പ്രചരിപ്പിക്കാനും സമൂഹത്തെ നന്മയിലേക്ക് നയിക്കാനും സാധിക്കും. കുട്ടികളെ മാതൃഭാഷയിൽ ചിന്തിക്കാൻ പ്രേരിപ്പിക്കണം. അതിനാൽ മലയാളം ഒന്നാം ഭാഷയാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നും മലയാളഭാഷ വിദഗ്ദ്ധമായി കൈകാര്യംചെയ്യുന്ന മലയാളഭാഷാപ്രാവീണ്യമുള്ള ഉദ്യോഗാർത്ഥികളെ പ്രാഥമികതലം മുതൽ ഭാഷാധ്യാപകരായി നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(14) മലയാളം ഔദ്യോഗികഭാഷയായി അംഗീകരിച്ചിട്ടും മതിയായ പ്രാധാന്യം ലഭിക്കുന്നുണ്ടോയെന്നുള്ളത് വിലയിരുത്തപ്പെടേണ്ട കാര്യമാണ്. സർക്കാർ ഓഫീസുകളിൽ ഭരണഭാഷാപ്രയോഗം മെച്ചപ്പെടുത്താനായിട്ടുണ്ടെങ്കിലും പൂർണതോതിൽ പ്രയോഗത്തിൽ വരണമെന്നാണ് സമിതി പ്രത്യാശിക്കുന്നത്. ഫയലുകൾ പൂർണമായും മലയാളത്തിൽ കൈകാര്യംചെയ്യാൻ കഴിയാത്തതിനുള്ള ഒരു പ്രധാന കാരണം ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടറിൽ മലയാളം ടൈപ്പ് ചെയ്യുന്നതിലുള്ള അജ്ഞതയാണ്. മലയാളം അനായാസം കൈകാര്യം ചെയ്യാൻ സാധിക്കുന്നതാണെന്നും ആധുനിക സാങ്കേതികവിദ്യയ്ക്ക് വഴങ്ങുന്നതാണെന്നും ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. സർക്കാർ ഓഫീസുകളിലെയും ഇതര സ്ഥാപനങ്ങളിലെയും പ്രവർത്തനങ്ങളും സേവനങ്ങളും ഇ-ഗവേണൻസ്/ ഓൺലൈൻ സംവിധാനത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്ന വർത്തമാന കാലഘട്ടത്തിൽ സർക്കാർ സർവ്വീസിൽ നിലവിലുള്ള ജീവനക്കാർക്കു പുറമേ പുതിയതായി സർവ്വീസിൽ വരുന്ന എല്ലാ ഉദ്യോഗസ്ഥർക്കും ജോലിയിൽ പ്രവേശിച്ചാൽ ഉടനെതന്നെ മലയാളം കംപ്യൂട്ടിങ്ങിൽ മതിയായ പരിശീലനം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(15) പ്രകൃതിദുരന്തങ്ങൾ, പകർച്ചവ്യാധികൾ എന്നിവ ഏറ്റവും കൂടുതലായി ബാധിക്കുന്നത് സാധാരണക്കാരായ ജനങ്ങളെയാണ്. കോവിഡിന്റെ കാലത്ത് പുറത്തിറക്കിയ പല പരസ്യങ്ങളും അറിയിപ്പുകളും ഉത്തരവുകളും ഇംഗ്ലീഷിലായിരുന്നത് സമിതിയുടെ ശ്രദ്ധയിൽ പെടുകയുണ്ടായി. ഭൂരിഭാഗം വരുന്ന സാധാരണക്കാരെക്കൂടി ലക്ഷ്യമിട്ടുള്ള ഇത്തരം അറിയിപ്പുകളും പരസ്യങ്ങളും മലയാളത്തിൽ ആയിരിക്കേണ്ടത് ഏറ്റവും ആവശ്യമെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ദുരന്തനിവാരണവുമായും രോഗപ്രതിരോധപ്രവർത്തനവുമായും മദ്യം, പുകയില, മയക്കുമരുന്ന് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണവുമായും ബന്ധപ്പെട്ട് വിവിധ കേന്ദ്രങ്ങളിൽനിന്ന് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, നടപടിക്രമങ്ങൾ, അറിയിപ്പുകൾ, സന്ദേശങ്ങൾ, പരസ്യങ്ങൾ, സർക്കുലറുകൾ തുടങ്ങിയവയെല്ലാം പൂർണമായും മലയാളത്തിൽ തന്നെയായിരിക്കണമെന്നുള്ള കർശ്ശന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(16) ഉദ്ദേശ്യം എന്താണെന്ന് മനസ്സിലാക്കാതെ വാക്കുകളെല്ലാം ഇംഗ്ലീഷിൽ നിന്ന് വിവർത്തനം ചെയ്യാനാണ് നാം ശ്രമിക്കുന്നത്. ഇംഗ്ലീഷിന് തത്തുല്യമായ വാക്കുകൾ കണ്ടുപിടിക്കുമ്പോൾ അതിന്റെ ധർമ്മം നോക്കിയിട്ടുവേണം വാക്കുകളുണ്ടാക്കേണ്ടത്.

മലയാളത്തിന്റെ വാക്യഘടന ദീക്ഷിക്കുകയെന്നുള്ളതാണ് തർജ്ജമയിലെ പരമപ്രധാനമായ സംഗതി. ലോകത്ത് ഏറ്റവും കൂടുതൽ പദസഞ്ചയമുള്ള ഭാഷകളിലൊന്നാണ് മലയാളം. സാംസ്കാരികമായ ഉയർച്ച ഉണ്ടാകണമെങ്കിൽ ഭാഷാസ്നേഹം ഉണ്ടാവണം.

(17) മലയാളഭാഷയുടെ പ്രചാരണത്തിന് സാങ്കേതികവിദ്യയുടെ സാധ്യത തേടേണ്ടതുണ്ട്. നിലവിൽ മലയാളത്തിന്റെ ലിഖിതരൂപത്തെ തിരിച്ചറിയാനുള്ള സാങ്കേതികവിദ്യ, ഭാഷകന്റെ ശബ്ദം തിരിച്ചറിയുക, ശ്രവണ-ദൃശ്യരൂപങ്ങളെ ഉദ്ഗ്രഥിക്കുക, മലയാളത്തിൽനിന്ന് ലോക ഭാഷയിലേക്കും തിരിച്ചും യന്ത്ര തർജ്ജമ നിർവ്വഹിക്കുക തുടങ്ങിയ നേട്ടങ്ങൾ യഥാവിധി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. മാധ്യമങ്ങൾക്കും മാധ്യമശീലങ്ങൾക്കും അതിന്റെ സാങ്കേതികതയ്ക്കും വിധേയമാകുന്ന രീതിയിൽ പുതിയ പദങ്ങളും ഫോണ്ടുകളും രൂപപ്പെടുത്തി സാങ്കേതികമായ ഏതു മാറ്റത്തെയും ഉൾക്കൊള്ളാൻ തക്കവിധം ഭാഷയെ പോഷിപ്പിക്കണം. ആഗോള തലത്തിൽ മലയാളഭാഷയുടെ ശക്തി വ്യാപിപ്പിക്കുന്നതിന് സാഹിത്യകൃതികളും മറ്റും ഇതരഭാഷകളിലേക്ക് വിവർത്തനം നടത്തേണ്ടതുണ്ട്. വളരെ ചെറിയ ഭാഷകളിലുള്ള കൃതികൾ നോബേൽ പുരസ്കാരം കരസ്ഥമാക്കുമ്പോൾ മലയാളത്തിന് ആ തലത്തിലേക്ക് എത്താൻ സാധിക്കാത്തത് വിവർത്തകരുടെ അപര്യാപ്തത മൂലമാണ്. ഈ അപര്യാപ്തത പരിഹരിക്കുന്നതിന് മലയാളസർവ്വകലാശാല, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സാഹിത്യ അക്കാദമി എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവർത്തകരുടെ പാനൽ തയ്യാറാക്കി പ്രശസ്തമായ മലയാളകൃതികൾ മലയാളത്തിൽനിന്ന് ഇംഗ്ലീഷ് ഉൾപ്പെടെ ഇതരഭാഷകളിലേക്കും മറ്റു ഭാഷയിലെ പ്രശസ്തമായവ മലയാളത്തിലേക്കും വിവർത്തനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(18) മലയാളഭാഷ പഠിച്ചതുകൊണ്ട് പ്രയോജനമുണ്ടെന്ന ബോധ്യം ജനങ്ങൾക്ക് ഉണ്ടാകേണ്ടതാണ്. മലയാളത്തിന് നൂറിൽ നൂറ് മാർക്കും നേടിവരുന്ന കുട്ടികളിൽ പലർക്കും മലയാളവാക്കുകൾ കൃത്യമായി എഴുതാനറിയില്ല. നല്ല മലയാളം നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്. അതിന് പ്രാഥമികതലത്തിലും ദ്വിതീയതലത്തിലും ഭാഷാബോധനം കുറ്റമറ്റതായിരിക്കണം. കുട്ടികളിൽ ഭാഷയിലും സാഹിത്യത്തിലും താൽപ്പര്യം വളർത്തുന്ന അദ്ധ്യാപകരെ കണ്ടെത്തുകയും ഭാഷയുടെ സൗന്ദര്യത്തിലേക്കടുപ്പിക്കുന്നതരത്തിൽ പാഠ്യപദ്ധതി നവീകരിക്കുകയും വേണം. മാതൃഭാഷ ശക്തീകരിക്കുന്നതിൽ മലയാളസാഹിത്യ കൃതികൾ വലിയ പങ്ക് വഹിക്കുന്നുണ്ട് എന്നതിനാൽ പാഠ്യപദ്ധതികളിൽ അവ കൂടുതൽ ഉൾപ്പെടുത്തുകയും പ്രചരിപ്പിക്കുകയും വേണം. അതിനാൽ, നിലവാരമുള്ള സാഹിത്യസൃഷ്ടികൾ സിലബസ്സിൽ ഉൾപ്പെടുത്തുകയും, മികച്ച ഭാഷാദ്ധ്യാപകരെ നിയമിക്കുകയും അവരുടെ ഭാഷാപ്രാവീണ്യം വികസിപ്പിക്കുന്നത് ആവശ്യമായ പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(19) സമിതി 2022 നവംബറിൽ നടത്തിയ ഇതര സംസ്ഥാന പഠനപര്യടനത്തിൽ മറ്റു സംസ്ഥാനങ്ങളിൽ, ആ സംസ്ഥാനത്തെ മാതൃഭാഷയുടെ പരിപോഷണത്തിനും വികസനത്തിനുമായി മാതൃഭാഷയെയും സാഹിത്യമേഖലയെയും സാംസ്കാരികമേഖലയെയും കോർത്തിണക്കിക്കൊണ്ട് പ്രത്യേക വകുപ്പുതന്നെ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടു (ഉദാഹരണം:- ഒഡീഷ-ഒഡിയാ ഭാഷാസാഹിത്യ-സാംസ്കാരികവകുപ്പ്). എന്നാൽ, സംസ്ഥാനത്ത് മലയാളഭാഷയ്ക്കുവേണ്ടി ഒരു സ്വതന്ത്രവകുപ്പ് നിലവിലില്ല. മലയാളഭാഷയുടെ സർവ്വതോന്മുഖമായ വികസനത്തിന് ഒരു പ്രത്യേക വകുപ്പ് രൂപവൽക്കരിക്കുന്നത് ഏറെ സഹായകരമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ, മലയാളഭാഷയുടെ വ്യാപനവും വികസനവും പരിപോഷണവും ലക്ഷ്യമിട്ട്, ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പിനുകീഴിൽ നിലവിലുള്ള ഔദ്യോഗികഭാഷാ വകുപ്പിന് പകരം ' മലയാളഭാഷാവികസനവകുപ്പ് ' എന്ന പേരിൽ ഒരു പ്രത്യേക വകുപ്പ് രൂപവൽക്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(20) മലയാളഭാഷയെ സ്നേഹിക്കാത്ത ഒരു അദ്ധ്യാപകൻ ഭാഷ പഠിപ്പിച്ചാൽ കുട്ടി ഒരിക്കലും ആ ഭാഷയെ സ്നേഹിക്കില്ല. ഉച്ചാരണമടക്കമുള്ള കാര്യങ്ങളിൽ മാതൃഭാഷാസ്നേഹം സ്കൂളിൽനിന്ന് ലഭിച്ചെങ്കിൽ മാത്രമേ കുട്ടികൾ ആ ഭാഷയെ സ്നേഹിക്കുകയുള്ളൂ. കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയങ്ങളിലും മറ്റ് സി.ബി.എസ്.ഇ. സ്കൂളുകളിലും പാഠ്യപദ്ധതിയിൽ മലയാളം ഉൾപ്പെടുത്താത്തത് കേരളത്തിൽ ഉന്നതവിദ്യാഭ്യാസവും സർക്കാർ ജോലിയും സ്വപ്നംകാണുന്ന വിദ്യാർത്ഥികൾക്ക് വലിയ ഒരു വെല്ലുവിളിയാണ്. ഇവിടങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് മറ്റു സംസ്ഥാനങ്ങളിലേക്കും രാജ്യങ്ങളിലേക്കും ജോലിതേടി പോകേണ്ടതായിവരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകളിൽ മലയാളം പഠിപ്പിക്കണമെന്ന് നിയമമേയുള്ളൂ. എന്ത് പഠിപ്പിക്കണമെന്നോ എന്ത് നൈപുണ്യമുണ്ടാകണമെന്നോ പറഞ്ഞിട്ടില്ല. പ്രസ്തുത നിയമപ്രകാരം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളഭാഷാപഠനം നടക്കുന്നുണ്ടോയെന്ന് പരിശോധിക്കപ്പെടുന്നുമില്ല എന്ന് സമിതി വിലയിരുത്തുന്നു. അടുത്ത പതിനഞ്ച് വർഷം കഴിയുമ്പോൾ വിദ്യാഭ്യാസമുള്ള കുട്ടികൾ മുഴുവൻ മലയാളം അറിഞ്ഞു കൂടാത്തവരും മലയാളം അറിയുന്നവർ വിദ്യാഭ്യാസം ഇല്ലാത്തവരുമായി മാറും എന്ന അവസ്ഥാവിശേഷം ഉടലെടുക്കാൻ സാധ്യതയുണ്ട്. അതിനാൽ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സ്കൂളുകളിലും (സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ്-സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ ഉൾപ്പെടെ) പ്രാഥമികവിദ്യാഭ്യാസ കാലഘട്ടത്തിലും ദ്വിതീയവിദ്യാഭ്യാസ കാലഘട്ടത്തിലും മലയാളം പഠിക്കാനുള്ള അവസരം ഉറപ്പുവരുത്തണമെന്നും ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്കും മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേക്കുമുള്ള വിവർത്തനങ്ങൾ സ്കൂൾതലംമുതൽ പാഠ്യവിഷയവും മത്സരവിഷയവുമാക്കണമെന്നും മലയാള ഭാഷയിൽ നിശ്ചിത യോഗ്യത നേടിയ മികച്ച ഭാഷാദ്ധ്യാപകരുടെ സേവനം ടി സ്കൂളുകളിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, മേൽപ്പറഞ്ഞ സ്കൂളുകളിൽ മലയാള ഭാഷാപഠനം നടക്കുന്നുണ്ടോയെന്നും യോഗ്യരായ അദ്ധ്യാപകരുടെ സേവനം ലഭ്യമാണോയെന്നും പരിശോധിക്കുന്നതിന് ഉചിതമായ സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(21) സർക്കാർ ജോലിക്കായുള്ള മത്സരപരീക്ഷകളും അഭിമുഖങ്ങളും മാതൃഭാഷയിലായിരിക്കണം. ഉദ്യോഗാർത്ഥിയുടെ മാതൃഭാഷാ പ്രാവീണ്യം ഒരു പ്രധാന ഉപാധിയായിരിക്കണം. യുവജനങ്ങൾക്കിടയിൽ മാതൃഭാഷയോടുള്ള സമീപനം മാറുന്നതിന് സർക്കാർ ഉദ്യോഗം ലഭിക്കണമെങ്കിൽ മലയാളഭാഷ നന്നായി അറിയുകയും പഠിക്കുകയും വേണമെന്ന സ്ഥിതി ഉണ്ടാവണം. സർക്കാർ ഓഫീസുകളിൽ ഫയലുകൾ കൈകാര്യംചെയ്യുന്ന ഉദ്യോഗസ്ഥർക്ക് മലയാളത്തിൽ ഫയൽ കൈകാര്യം ചെയ്യുന്നതിന് അതതു വകുപ്പുകളുമായി ബന്ധപ്പെട്ട ഒരു പദകോശം ഉണ്ടാക്കണമെന്നും സർക്കാർ ജോലിക്കായുള്ള മത്സരപരീക്ഷകളും അഭിമുഖങ്ങളും മാതൃഭാഷയിലായിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(22) സ്ത്രീകൾ, ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ള എഴുത്തുകാർ എന്നിവർക്ക് സാങ്കേതിക വിദ്യയിലുണ്ടായ വികാസം അവരുടെ എഴുത്തിനെ വളരെയധികം സഹായിച്ചിട്ടുണ്ട്. നവമാധ്യമങ്ങളിൽ ഇത്തരത്തിൽ ധാരാളം രചനകൾ വരുന്നുണ്ടെങ്കിലും പലർക്കും പുസ്തക പ്രസാധനത്തിനും ആവിഷ്കരണത്തിനും അവസരമില്ല. അതിനാൽ, സാഹിത്യ-സാംസ്കാരികരംഗത്ത് പ്രവർത്തിക്കുന്നവർക്കായി സാഹിത്യപ്രവർത്തക സഹകരണസംഘം പോലെയുള്ള സംരംഭങ്ങളിൽ പ്രത്യേക പദ്ധതി രൂപപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(23) സാർവ്വത്രികമായിക്കഴിഞ്ഞിരിക്കുന്ന ഇംഗ്ലീഷ്പദങ്ങൾ അതേരീതിയിൽ മലയാളത്തിൽ സ്വീകരിക്കുന്നതിൽ യാതൊരു തടസ്സവുമില്ല. മലയാളഭാഷ സംസാരിക്കുന്ന മലയാളികളുടെ സഹിഷ്ണുതയും ഉച്ചരിക്കുന്നതിനുപയോഗിക്കുന്ന മലയാളഭാഷയുടെ ശക്തി ഏതു ശബ്ദത്തെയും സ്വന്തമാക്കാനുള്ള വർണ്ണവൈവിധ്യവുമുണ്ടെന്നുള്ളതുമാണ്. ഉച്ചരിക്കുന്ന ഏതു ശബ്ദത്തിനും മലയാളത്തിൽ സ്വരങ്ങളും വർണ്ണങ്ങളുമുണ്ട്. ഭാഷയുടെ ദൗർബ്ബല്യമെന്നത് ഏറ്റവും ചുരുങ്ങിയ ഭാഷയിൽ പറഞ്ഞാൽ 'മുറ്റത്തെ മുല്ലയുടെ മണമില്ലായ്മ' തന്നെയാണ്. ഇംഗ്ലീഷ് പഠിച്ചാൽ മാത്രമേ ലക്ഷ്യത്തിലെത്താൻ സാധിക്കുകയുള്ളുവെന്ന് വിശ്വസിച്ച് ഇംഗ്ലീഷിന് അമിതപ്രാധാന്യം നൽകി മനഃപൂർവ്വം പഠിപ്പിക്കുന്ന രീതിയാണ് ഇപ്പോഴുള്ളത്. മലയാളം പഠിച്ചാൽ ജോലി സാധ്യത കുറവാണെന്നും ഇതരനാട്ടിൽപ്പോയി ജോലി ചെയ്യാൻ ബുദ്ധിമുട്ടുണ്ടാകുമെന്നുമുള്ള തെറ്റിദ്ധാരണകളാണ് കുട്ടികളെ മലയാളത്തിൽനിന്ന് അകറ്റി ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനുള്ള ന്യായീകരണം. മലയാളത്തെ പരിപോഷിപ്പിക്കുന്നതിനായി മലയാളം പഠിച്ചാലുള്ള ഗുണവശങ്ങൾ ബോധ്യപ്പെടുത്തണമെന്നും മറ്റു ഭാഷകൾ പഠിക്കുന്നതിന് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കൊടുക്കുന്നതുപോലെ മലയാളം പഠിക്കുന്നവർക്കും സ്കോളർഷിപ്പ് ഏർപ്പെടുത്തണമെന്നും, മാതൃഭാഷ പഠിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിക്കൊടുക്കുന്നതിനും മാതൃഭാഷാസ്നേഹം ഊട്ടിവളർത്തുന്നതിനും മാതൃഭാഷയെ പരിപോഷിപ്പിക്കുന്നതിനും അനിവാര്യമായ പദ്ധതികൾ ആവിഷ്കരിക്കണമെന്നും പ്രീപ്രൈമറി ക്ലാസ്സുകളിലെ കുട്ടികളെ പഠിപ്പിക്കാൻ കൂടുതൽ വിദ്യാഭ്യാസയോഗ്യതയുള്ളവരെയാണ് നിയോഗിക്കേണ്ടതെന്നും സമിതി ശിപാർശ ചെയ്യുന്നു.

(24) ഭരണഭാഷ കൈകാര്യം ചെയ്യുമ്പോൾ ഉണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിന് മലയാളഭാഷാ പണ്ഡിതർ/വിവർത്തകർ/സാഹിത്യകാരന്മാർ/സാംസ്കാരിക നായകന്മാർ എന്നിവരെ ഉൾപ്പെടുത്തിയ ഒരു പാനൽ മലയാളഭാഷാവികസന വകുപ്പിൽ രൂപവൽക്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(25) സമിതി, പഠനാർത്ഥം ഒഡീഷ, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശമായ ആൻഡമാനും സന്ദർശിച്ചപ്പോൾ ഭുവനേശ്വർ, കൊൽക്കത്ത, ആൻഡമാൻ എന്നീ പ്രദേശങ്ങളിൽ കേരള സാംസ്കാരികകാര്യ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മലയാളം മിഷന്റെ പ്രവർത്തനത്തെക്കുറിച്ച് ആരായുകയുണ്ടായി. ടി പ്രദേശങ്ങളിൽ മലയാളം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആൻഡമാനിൽ മുൻകാലത്ത് ബി. എ. മലയാളം കോഴ്സ് ചെയ്യുന്നതിനുള്ള അവസരം ലഭിച്ചിരുന്നതായും പിന്നീട് നിലച്ചുപോയതായും സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചു. ഡൽഹി, മുംബൈ, കൊൽക്കത്ത തുടങ്ങി മലയാളികൾ ധാരാളമായി താമസിക്കുന്ന ഇതരസംസ്ഥാനങ്ങളിലെ പ്രധാന നഗരങ്ങളിൽ അതതു സ്ഥലത്തെ സർക്കാരുകൾ/ സർവ്വകലാശാലകളുമായി സഹകരിച്ച് അവിടങ്ങളിൽ മലയാളപഠനകേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ മലയാളം മിഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(26) മലയാളഭാഷാദ്ധ്യയനത്തിനും അദ്ധ്യാപനത്തിനും ധാരാളം പരിമിതികൾ നിലവിൽ ഉള്ളതിനാലാണ് കേരളത്തിലെ മാതൃഭാഷാബോധനത്തിന് അപചയം സംഭവിച്ചുകൊണ്ടിരിക്കുന്നത്. നിലവിലുള്ള പരീക്ഷാ സമ്പ്രദായം പരിഷ്കരിച്ച് വ്യാകരണത്തെറ്റോടുകൂടിയ ഭാഷയും വ്യാകരണം പിൻപറ്റുന്ന ഭാഷയും തമ്മിൽ താരതമ്യം ചെയ്ത് ശരിയായത് സ്വീകരിക്കാൻ കുട്ടികൾക്ക് പരിശീലനം നൽകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധ്യവും മലയാളം ശാസ്ത്രീയമായി പഠിപ്പിക്കുവാൻ പ്രാവീണ്യമുള്ളവരുമായ അദ്ധ്യാപകർ ഭാഷാസേവനത്തിന് അത്യാവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ അദ്ധ്യാപനം രസകരമാക്കുവാനുള്ള പ്രത്യേക പരിശീലനം ഭാഷാദ്ധ്യാപകർക്ക് നൽകേണ്ടതാണെന്നും മാതൃഭാഷ പഠിക്കേണ്ടതിന്റെ ആവശ്യകത വരുംതലമുറയ്ക്ക് മനസ്സിലാക്കികൊടുക്കുന്നതിനും അവരിൽ ഭാഷാസ്നേഹം ഊട്ടിഉറപ്പിക്കുന്നതിനും മാതൃഭാഷയെ പരിപോഷിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് അനുയോജ്യമായ മത്സരങ്ങളും സെമിനാറുകളും പൊതുജനങ്ങൾക്കിടയിലും ഉദ്യോഗസ്ഥർക്കിടയിലും വിദ്യാർത്ഥികൾക്കിടയിലും സംഘടിപ്പിക്കേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

(27) മലയാളം മാത്രം അറിയാവുന്ന ഇടപാടുകാർ ഇംഗ്ലീഷിലും ഹിന്ദിയിലുമുള്ള ബാങ്ക് ഫാറങ്ങൾ പൂരിപ്പിക്കുന്നതിനായി നേരിടുന്ന ബുദ്ധിമുട്ടുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പൊതുമേഖല/സ്വകാര്യ ബാങ്കുകൾ/ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ പല ശാഖകളിലും കാണാം. പൊതുമേഖലാ ബാങ്കുകളിൽ വരുന്ന തൊഴിലുറപ്പ് ജോലി ചെയ്യുന്ന

സ്ത്രീകളും ക്ഷേമപെൻഷനുകൾ, മറ്റ് സർക്കാർ ആനുകൂല്യങ്ങൾ എന്നിവ കൈപ്പറ്റുന്നവരും ബാങ്കിൽനിന്ന് പൈസ പിൻവലിക്കുന്നതിനുള്ള ഫാറങ്ങൾ വളരെ ബുദ്ധിമുട്ടിയും ബാങ്കിൽ വരുന്ന മറ്റ് ആളുകളുടെ സഹായത്തോടെയുമാണ് പൂരിപ്പിക്കുന്നത്. ഇംഗ്ലീഷിലും ഹിന്ദിയിലും രൂപപ്പെടുത്തിയിട്ടുള്ള ചെക്കുകൾ, ഫാറങ്ങൾ എന്നിവ മലയാളം മാത്രം അറിയാവുന്ന സാധാരണക്കാർക്ക് മനസ്സിലാക്കാൻ ഏറെ ബുദ്ധിമുട്ടാണ്. ബാങ്കുകളിൽനിന്നും മറ്റ ധനകാര്യസ്ഥാപനങ്ങളിൽനിന്നും വസ്തു ഈടു നൽകി വായ്പകളെടുക്കുന്ന സാധാരണ ജനങ്ങൾക്ക് സർഫാസി (സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്) പോലുള്ള ബാങ്കിങ് മേഖലയുമായി ബന്ധപ്പെട്ട നിയമങ്ങൾ സംബന്ധിച്ച് അറിവുണ്ടാകണമെന്നില്ല. വായ്പയെടുക്കുമ്പോൾ ബാങ്കിൽ ഒപ്പിട്ട് നൽകേണ്ട രേഖകൾ/എഗ്രിമെന്റുകൾ ഇംഗ്ലീഷിലും ഹിന്ദിയിലുമായതിനാൽ മലയാളം മാത്രമറിയാവുന്ന ഒരാൾക്ക് കാര്യങ്ങൾ വായിച്ചു മനസ്സിലാക്കാൻ സാധിക്കുകയില്ല. അതിനാൽ, കെ.എസ്.എഫ്.ഇ., കെ.എഫ്.സി. (കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ), പൊതുമേഖലാ ബാങ്കുകൾ എന്നിങ്ങനെ പൊതുജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന ധനകാര്യ/വായ്പാസ്ഥാപനങ്ങളിലെ ഫാറങ്ങൾ, വായ്പാചട്ടങ്ങൾ, നിർദ്ദേശങ്ങൾ, രസീതുകൾ, കരാറുകൾ എന്നിവയുടെ മലയാളപരിഭാഷ തയ്യാറാക്കണമെന്നും ബാങ്ക് പാസ്ബുക്കുകൾ, ചെക്കുബുക്കുകൾ, ജപ്തി നോട്ടീസുകൾ തുടങ്ങി ബാങ്കുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ അറിവിലേക്ക്/ആവശ്യങ്ങൾക്കായി പുറത്തിറക്കിയിട്ടുള്ള/ നൽകുന്ന എല്ലാ രേഖകളിലും അതിന്റെ മലയാളംകൂടി ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ, എസ്.എൽ.ബി.സി. (സംസ്ഥാനതല ബാങ്കിങ് സമിതി) എന്നിവരുമായി ചർച്ച ചെയ്ത് നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(28) സാധാരണക്കാരായ പൊതുജനങ്ങൾ ഏറെ എത്തുന്ന സംസ്ഥാനത്തെ ചെറുകിട കച്ചവടസ്ഥാപനങ്ങൾ, ഷോപ്പുകൾ, ആശുപത്രികൾ തുടങ്ങി വൻകിട സ്ഥാപനങ്ങൾവരെ സ്ഥാപനത്തിന്റെ പേരും സ്ഥലനാമവും സൂചിപ്പിക്കുന്ന ബോർഡുകൾ ഇംഗ്ലീഷിൽ എഴുതി പ്രദർശിപ്പിച്ചിരിക്കുന്നതായാണ് പൊതുവേ കാണുന്നത്. മലയാളത്തിലുള്ള ബോർഡുകൾ പ്രദർശിപ്പിക്കുന്നത് ഒരു പോരായ്മയായി ചിലരെങ്കിലും കരുതുന്നതായും മാതൃഭാഷ അവഗണിക്കപ്പെടുന്നതായും സമിതി നിരീക്ഷിക്കുന്നു.

(29) ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ, കച്ചവടസ്ഥാപനങ്ങൾ, ധനകാര്യസ്ഥാപനങ്ങൾ, ട്രസ്റ്റുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ലബോറട്ടറികൾ, വിനോദസഞ്ചാരകേന്ദ്രങ്ങൾ, വിശ്രമകേന്ദ്രങ്ങൾ, ഹോട്ടലുകൾ, കൗൺസിലിംഗ് സെന്ററുകൾ, വിവിധ സേവന കേന്ദ്രങ്ങൾ, പൊതുശൗചാലയങ്ങൾ എന്നിവയുടെ പേര് സൂചിപ്പിക്കുന്ന ഫലകങ്ങൾ/ബോർഡുകളിൽ സ്ഥാപനത്തിന്റെ പേരും മറ്റു വിവരങ്ങളും മലയാളത്തിൽക്കൂടി എഴുതിയിരിക്കണമെന്നും

പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ പ്രവർത്തനാനുമതി/ലൈസൻസ് നൽകുന്നതിന്/പുതുക്കി നൽകുന്നതിന് മേൽപ്പറഞ്ഞ വ്യവസ്ഥ പാലിച്ചിരിക്കണമെന്ന നിബന്ധന ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(30) സർക്കാർ നടപ്പാക്കിയ പദ്ധതികൾ/പൂർത്തിയാക്കിയ പ്രവൃത്തികൾ/നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾ/പാലങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപിക്കുന്ന ബോർഡുകളിൽ ഇപ്പോഴും ഇംഗ്ലീഷ് ഉപയോഗിക്കുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. സർക്കാർ നടപ്പാക്കുന്ന വികസനപ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന് മലയാളം ആയിരിക്കും ഏറ്റവും ഉചിതമായ ഭാഷയെന്ന് കാണുന്നു. അതിനാൽ, സർക്കാർ വകുപ്പുകൾ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ഇതര സർക്കാർ ഏജൻസികൾ നടത്താനുദ്ദേശിക്കുന്ന/ നടത്തുന്ന/പൂർത്തീകരിച്ച പദ്ധതികളുടെയും പ്രവൃത്തികളുടെയും നിർമ്മാണങ്ങളുടെയും പരസ്യങ്ങൾ/ ബോർഡുകൾ, നോട്ടീസുകൾ എന്നിവ മലയാളത്തിൽത്തന്നെ തയ്യാറാക്കി പ്രദർശിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(31) ഒരു ഭാഷ പഠിക്കുക എന്നതിലൂടെ പ്രത്യേകമായി ഭാഷ പഠിപ്പിക്കുക എന്നല്ല ജനതയുടെ പരസ്പര ബന്ധം സുദൃഢമാക്കുക എന്നതാണുദ്ദേശിക്കുന്നത്. അതിന് ഭാഷയുടെ മേന്മകൾകൂടി മനസ്സിലാക്കേണ്ടതുണ്ട്. എന്താണ് ഭാഷ; എന്തിനാണ് ഭാഷ പഠിക്കുന്നത്; എന്നിങ്ങനെയുള്ള കാര്യങ്ങൾ മനസ്സിലാക്കണം. മലയാളം എഴുതുമ്പോൾ മലയാളത്തിന്റെ ഉയർച്ചയും മേന്മയും അതിന് ആലങ്കാരികമായുണ്ടാകണം. ഭാഷാപ്രയോഗത്തിന്റെ കാര്യത്തിൽ കർശ്ശനനിലപാട് നമുക്ക് സ്വീകരിക്കാനോ എല്ലാ കാര്യത്തിലും നിയമം മാത്രമായി നോക്കാനോ കഴിയില്ല. ഒരു ഭാഷ നഷ്ടപ്പെട്ടുപോകുന്നതിന് അതിന്റേതായ സാമൂഹിക-സാംസ്കാരിക കാരണങ്ങളുണ്ടാകാം. അത് ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. മലയാളത്തിൽ സ്വപ്നംകാണാനുള്ള അവകാശം പോലും കുട്ടികളിൽനിന്ന് എടുത്തുകളയുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഭാഷയുമായും സംസ്കാരവുമായും സാഹിത്യവുമായും ബന്ധപ്പെട്ട് നമുക്ക് നഷ്ടമായിട്ടുള്ള ഭാഷാസംസ്കാരത്തിന്റെ കൂട്ടിച്ചേർക്കലുകൾ നടത്തിക്കൊണ്ട് പൂർണ്ണതയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പരിശ്രമമാണ് നാം നടത്തേണ്ടത്.

തിരുവനന്തപുരം,
2023 ഫെബ്രുവരി, 27.

മാത്യു ടി. തോമസ്,
*അദ്ധ്യക്ഷൻ,*
*ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി.*

**അനുബന്ധം - I**

ഹാജരായ സാഹിത്യകാരന്മാർ/കവികൾ/ചരിത്രകാരന്മാർ/സാംസ്കാരിക പ്രവർത്തകർ

1. ഡോ. അനിൽ വള്ളത്തോൾ, മുൻ വൈസ്ചാൻസലർ, മലയാള സർവ്വകലാശാല, തിരൂർ
2. ഡോ. ജോർജ് ഓണക്കൂർ, മലയാള നോവലിസ്റ്റ് & മുൻ പ്രൊഫസർ, മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം
3. ശ്രീ. സി.പി. നായർ, മുൻ ചീഫ് സെക്രട്ടറി
4. ശ്രീ. കെ. ജയകുമാർ, മുൻ ചീഫ് സെക്രട്ടറി, മുൻ വൈസ് ചാൻസലർ, മലയാള സർവ്വകലാശാല, തിരൂർ
5. ശ്രീ. എം. ആർ. തമ്പാൻ, എഴുത്തുകാരൻ & മുൻ ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
6. ശ്രീ. പിരപ്പൻകോട് മുരളി, മുൻ എം.എൽ.എ., കവി, നാടകകൃത്ത്
7. ശ്രീ. പള്ളിയറ ശ്രീധരൻ, ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
8. ശ്രീ. അടൂർ ഗോപാലകൃഷ്ണൻ, ചലച്ചിത്ര സംവിധായകൻ
9. ശ്രീ. വി. മധുസൂദനൻ നായർ, കവി
10. ശ്രീ. വിനു എബ്രഹാം, എഴുത്തുകാരൻ
11. ശ്രീമതി കെ. രേഖ, മലയാള ചെറുകഥാകൃത്ത്
12. ഡോ. എം. ലീലാവതി
13. ശ്രീ. കെ.വി. രാമകൃഷ്ണൻ
14. ഡോ. ഷൊർണ്ണൂർ കാർത്തികേയൻ
15. ശ്രീ. ആഷാ മേനോൻ
16. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
17. ശ്രീ. കടാങ്കോട് പ്രഭാകരൻ
18. ശ്രീ. സെബാസ്റ്റ്യൻ
19. പ്രൊഫ. സാറാ ജോസഫ്
20. ശ്രീമതി സംഗീതാ ശ്രീനിവാസൻ

21. ശ്രീ. മാടമ്പ് കുഞ്ഞുകുട്ടൻ
22. ശ്രീമതി എം.ഡി. രത്നമ്മ
23. ശ്രീ. കെ.വി. അഷ്ടമൂർത്തി
24. ശ്രീ. വി.ബി. ജ്യോതിരാജ്
25. ശ്രീ. കവലൂർ രവികുമാർ
26. ശ്രീ. വി. പി. വാസുദേവൻ
27. ശ്രീ. പി. എൻ. ഗോപീകൃഷ്ണൻ
28. ഡോ. ഇ. സന്ധ്യ
29. ശ്രീ. ബാലചന്ദ്രൻ വടക്കേടത്ത്
30. ഡോ. കൽപ്പറ്റ ബാലകൃഷ്ണൻ
31. ഡോ. കെ. സരസ്വതി
32. ശ്രീ. ജോർജ്ജ് ഇമ്മട്ടി
33. ശ്രീ. സന്തോഷ് ഏച്ചിക്കാനം
34. ഡോ. റോഷ്നി സ്വപ്ന.

## അനുബന്ധം -II

ഔദ്യോഗികഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് സാംസ്കാരിക നായകന്മാരിൽ നിന്നും നിർദ്ദേശങ്ങൾ കൈക്കൊള്ളുന്നതിന് സംഘടിപ്പിക്കുന്ന ചർച്ചയിലേക്കുള്ള ചോദ്യാവലി.

1) ഏതൊരു ഭാഷയ്ക്കും അതിന്റേതായ ശക്തിയും ഒപ്പം ദൗർബ്ബല്യവും ഉണ്ടെന്ന് വിശ്വസിക്കപ്പെടുന്നു; മലയാളഭാഷയെ മുൻനിർത്തി ഈ ശക്തിയും ദൗർബ്ബല്യവും എന്താണെന്ന് അഭിപ്രായം രേഖപ്പെടുത്താമോ?

2) മാതൃഭാഷയുടെ തനിമ നിലനിർത്തുന്നതിനായി മലയാള സാഹിത്യകാരന്മാർ അവരുടെ രചനകളിലൂടെ നടത്തിവരുന്ന ഇടപെടലുകളെക്കുറിച്ച് എന്താണ് വിലയിരുത്തൽ; കൂടുതലായി ഇതിന്മേൽ എന്തെങ്കിലും നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാമോ?

3) മലയാളം വർത്തമാനകാലത്ത് പ്രസക്തിയേറെയില്ലാത്ത ഭാഷയാണെന്നും അത് പഠിച്ചാൽ ഭാവിയിൽ ഒരു പ്രയോജനവുമില്ലെന്നുമുള്ള ഒരു അഭിപ്രായഗതി സമൂഹത്തിൽ നിലനിൽക്കുന്നതായും ഇതുമൂലം മലയാളം പഠിക്കുവാനും പറയുവാനും എഴുതുവാനും പലരും വിമുഖത പ്രകടിപ്പിക്കുന്നതായും അഭിപ്രായമുണ്ടോ; എങ്കിൽ ഇതിന് എന്തു പരിഹാര മാർഗ്ഗമാണ് നിർദ്ദേശിക്കാനുള്ളത്?

4) സാംസ്കാരികവും വൈജ്ഞാനികവുമായ മലയാളനാടിന്റെ തിരുശേഷിപ്പുകളെ വരും കാലത്തേയ്ക്കുവേണ്ടി പരിരക്ഷിക്കുവാൻ നടപ്പിലാക്കാൻ കഴിയുന്ന പരിപാടികൾ ഏതെല്ലാം; നിർദ്ദേശങ്ങൾ നൽകാമോ?

5) നമ്മുടെ സാംസ്കാരികാവിഷ്കാരങ്ങൾക്കും മലയാളഭാഷയ്ക്കും സാഹിത്യത്തിനും ആഗോളതലത്തിൽ അംഗീകാരം നേടിയെടുക്കുവാൻ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

6) ഡിജിറ്റൽ യുഗം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ മലയാള ഭാഷാപ്രചാരണത്തിന് സാങ്കേതികവിദ്യയുടെ സാധ്യതകൾ മുതൽക്കൂട്ടാകുമോ; വിശദമാക്കാമോ?

7) വിദ്യാഭ്യാസമേഖലയിലെ മാതൃഭാഷാബോധനത്തിൽ അപചയങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ പ്രതിവിധികൾ നിർദ്ദേശിക്കാമോ?

8) മലയാളഭാഷയിലും വ്യാകരണത്തിലും കുട്ടികൾക്ക് കൂടുതൽ താൽപ്പര്യം ഉണ്ടാകുന്നതിനും ഭാഷയോട് കൂടുതൽ ഇഴുകിച്ചേരുന്നതിനും പാഠ്യപദ്ധതിയിൽ വരുത്തേണ്ട മാറ്റങ്ങൾ എന്തെല്ലാമെന്നാണ് അഭിപ്രായം?

9) കുട്ടികൾ ഭാഷയെ അറിയുവാൻ തുടങ്ങുന്നത് പ്രാഥമികവിദ്യാഭ്യാസ കാലഘട്ടത്തിലാണ്. ഇപ്പോഴുള്ള പ്രാഥമിക വിദ്യാഭ്യാസമേഖലയിലെ ഭാഷാപോഷണത്തെക്കുറിച്ച് എന്താണ് അഭിപ്രായം; ഇതിൽ മാറ്റങ്ങൾ വരുത്തേണ്ട മേഖലകളേതെല്ലാമെന്നാണ് കരുതുന്നത്?

10) മാതൃഭാഷ പഠിക്കേണ്ടതിന്റെ ആവശ്യകത വരും തലമുറയ്ക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനും ഭാഷാസ്നേഹം ഊട്ടിയുറപ്പിക്കുന്നതിനും മാതൃഭാഷയെ പരിപോഷിപ്പിക്കുന്നതിനും അനുയോജ്യമായ പദ്ധതികൾ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നല്കാനുണ്ടോ?

11) നമ്മുടെ നാട്ടിലെ കോടതിവ്യവഹാരങ്ങളിൽ മാതൃഭാഷയ്ക്ക് അർഹമായ സ്ഥാനം ലഭിക്കുന്നതായി അഭിപ്രായമുണ്ടോ; വിശദമാക്കാമോ?

12) നിയമവ്യവഹാരങ്ങളും, ഉത്തരവുകളും മാതൃഭാഷയിലേക്ക് മാറ്റുന്നതിലൂടെ സാധാരണക്കാരന് കൂടുതൽ ഉപകാരപ്രദമാവും എന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

13) നിയമപഠനം ഇംഗ്ലീഷിലും ബ്രിട്ടീഷ് മാതൃകയിലുമാണ് നടക്കുന്നത് എന്ന അഭിപ്രായമുണ്ടോ; ഇതിനു മാറ്റം വരുത്തുന്നതു കൊണ്ടുണ്ടാകുന്ന ഗുണങ്ങളും ദോഷങ്ങളുമെന്തെല്ലാം?

14) സർക്കാർ സേവനങ്ങൾ മാതൃഭാഷയിൽ ലഭ്യമാക്കാത്തതിനാൽ പൊതുജനങ്ങളിൽ അസംതൃപ്തി നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിനായി എന്തൊക്കെ ചെയ്യാൻ സാധിക്കും?

15) മാതൃഭാഷയിലൂടെ ഭരണനിർവ്വഹണം സാധ്യമാകണമെന്ന് ഒരു ജനത ആഗ്രഹിക്കുന്നത് ഭാഷാമൗലികവാദമാണെന്ന അഭിപ്രായത്തോട് യോജിപ്പുണ്ടോ; ഈ വിഷയത്തിൽ കൂടുതൽ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാമോ?

16) പി.എസ്.സി. പരീക്ഷകളിൽ മിക്കവയിലും മലയാളത്തിന് പ്രാധാന്യം കുറയ്ക്കുന്നതായും, ചില പരീക്ഷകളിൽ മലയാളചോദ്യമേയില്ല എന്നും അഭിപ്രായമുണ്ടോ; ഇത് ഉദ്യോഗാർത്ഥികളുടെ മാതൃഭാഷാപരമായ അവകാശം ഹനിക്കുന്നതായി മാറുന്നുവെന്ന് അഭിപ്രായമുണ്ടോ?

17) സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇടനിലക്കാരെ ഒഴിവാക്കി ഒരു സാധാരണക്കാരന് നേരിട്ട് വസ്തു രജിസ്റ്റർ ചെയ്യുന്നതിന് ഉതകുംവിധം മലയാളഭാഷാമാറ്റം ഗുണം ചെയ്തിട്ടുള്ളതായി അഭിപ്രായമുണ്ടോ?